# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1810.** **17.03.2015**-ൽ മറുപടിയ്ക്ക്.

### കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്<br>ഡോ. എൻ. ജയരാജ്.<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായെന്ന് അറിയിക്കുമോ;

(ബി) സിവിൽ സർവ്വീസ് രംഗം നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഇത് എത്രത്തോളം സഹായകരമാകുമെന്ന് അറിയിക്കുമോ;

(സി) സർക്കാർ ജീവനക്കാരെ വിശ്വാസത്തിലെടുത്തും അവരുടെ പ്രായോഗിക നിർദ്ദേശങ്ങളെ മാനിച്ചുകൊണ്ടും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**(എ)യും (ബി)യും (സി)യും**

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16/08/2014-ലെ സ.ഉ.(എംഎസ്) നം.228/14/പൊഭ) പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ഭേദഗതി റിപ്പോർട്ടും സർക്കാർ അംഗീകരിച്ച് (05.01.2015-ലെ സ.ഉ.(എംഎസ്.) നം. 1/15/പൊഭവ, 08.01.2015-ലെ സ.ഉ.(എംഎസ്.) നം. 9/15/പൊഭവ) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മറ്റു കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ